ത്തിനു വേണ്ടി മോസ്ക്കോ യുവജനോൽസവത്തിൽ ആണവ യുദ്ധത്തിനെതിരായിട്ടുള്ള ശബ്ദമാണ് കേൾക്കുന്നത്. യുവജനോൽസവം തുടങ്ങിയ അന്നു മുതൽ നടക്കുന്ന അട്ടിമറിയുടെ ഫലമായി അനേകായിരം യുവജനങ്ങൾ ജീവനൊടുക്കി. ഇൻഡ്യയുടെ അയൽ രാജ്യമായ പാകിസ്ഥാനിലും മറ്റും ഇപ്പോഴും ഭീകരപ്രവർത്തനങ്ങൾ നടക്കുകയാണ്. അവിടെ അട്ടിമറി പ്രവർത്തനങ്ങൾക്കു പ്രോൽസാഹനം കൊടുത്തുകൊണ്ടിരിക്കുന്നു. അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങൾ ഇതിന് പ്രോൽസാഹനം നൽകുന്നത് ഇൻഡ്യാ ഗവൺമെൻറ് മനസ്സിലാക്കുന്നുണ്ട്. അമേരിക്കൻ സാമ്രാജ്യത്വത്തിന് എതിരായി ഒരു സമാധാന മേഖല ഉണ്ടാക്കുന്നതിനും ഇൻഡ്യൻ മഹാസമുദ്രമേഖല സമാധാനമേഖലയാക്കുന്നതിനും വേണ്ടിയുള്ള പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആണവ യുദ്ധത്തിനെതിരായും ലോകസമാധാനത്തിനു വേണ്ടിയും ചേരിചേരാ രാജ്യങ്ങളുടെ തലവനെന്ന നിലയിൽ പ്രവർത്തിക്കുന്ന ഇൻഡ്യൻ പ്രധാനമന്ത്രിയുടെ കർങ്ങൾക്ക് ഈ യുവജനോൽസവം ശക്തി കൂട്ടും. അങ്ങനെയുള്ള ഈ മോസ്ക്കോ യുവജനോൽസവത്തിന് അഭിവാദനങ്ങൾ അർപ്പിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

XII. അനുശോചനം

ശ്രീ. ലളിത്മാക്കൻ എം. പി. യെ വെടിവച്ചു കൊന്നത്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ദുഃഖകരമായവാർത്ത അറിയിക്കാനാണ് ഞാൻ ഇപ്പോൾ സംസാരിക്കുന്നത്. ഇൻഡ്യയിൽ സമാധാനം ആഗ്രഹിക്കുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ അടുത്ത കാലത്തായി അക്രമ വാസനകളും ഭീകര പ്രവർത്തനങ്ങളും വളർന്നു വരുന്നതിൽ അതിയായ ഉൽക്കണ്ഠയുണ്ട്. ഇൻഡ്യയിൽ മാത്രമല്ല, ലോകമെമ്പാടും തന്നെ അക്രമ വാസനകൾ വളർന്നുകൊണ്ടിരിക്കുകയാണ്. ആ അവസരത്തിലാണ് നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ വെടിവച്ചത്. ഇന്ന് ഒരു പാർലമെൻറംഗമായ, ട്രേഡ് യൂണിയൻ നേതാവായ ശ്രീ. ലളിത്മാക്കനെയും അദ്ദേഹത്തിൻെറ ഭാര്യയെയും അജ്ഞാതരായ രണ്ട് ആളുകൾ ഡൽഹിയിൽവച്ച് വെടിവയ്ക്കുകയുണ്ടായി. ശ്രീ. ലളിത്മാക്കൻ അപ്പോൾത്തന്നെ മരിച്ചു. അദ്ദേഹത്തിൻെറ ഭാര്യയുടെ നില വളരെ സീരിയസാണ്. അവരും മരിച്ചു എന്ന് റിപ്പോർട്ട് കിട്ടിയിട്ടുണ്ട്, തീർച്ചയായിട്ടില്ല. ഇത് ഒരു ക്രൂരമായ കൊലപാതകമാണ്. കൊലയാളികളെ കിട്ടാൻവേണ്ടി അന്വേഷണം നടക്കുന്നുണ്ട്. ശ്രീ. ലളിത്മാക്കൻ ലോകസമാധാനത്തിനു വേണ്ടി പ്രവർത്തിച്ചിരുന്ന വ്യക്തിയാണ്. ഈ സംഭവം നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ ഉൽക്കണ്ഠയുണ്ടാക്കുന്ന ഒന്നാണ്. ശ്രീ. ലളിത്മാക്കൻെറ വീട്ടിൽ വച്ചാണ് ഈ സംഭവമുണ്ടായത്.

സമാധാനത്തിനു വേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്ന ധീരദേശാഭിമാനിയായ ശ്രീ. ലളിത്മാക്കനെ വെടിവച്ചു കൊന്നതിൽ കക്ഷിഭേദം കൂടാതെ നാം അപലപിക്കണം. പരേതനോടുള്ള ആദരസൂചകമായി നമുക്ക് അല്പ സമയം എഴുന്നേറ്റു നില്ക്കാം.

(സഭ അല്പ സമയം എഴുന്നേറ്റു നിന്നു)

XIII: പ്രസ്താവന

നിയമസഭാ സമ്മേളനം നിറുത്തി വയ്ക്കുന്നതു സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, നിയമ നിർമ്മാണം നടത്തുന്നതിന് നാളെ ഒരു ദിവസം കൊണ്ടു നമുക്കു കാര്യമായി മുന്നോട്ടുപോകാൻ കഴിയുകയില്ലെന്നുള്ളതുകൊണ്ട് നിയമനിർമ്മാണം നടത്തുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

മാത്രമാണ് സെപ്റ്റംബറിൽ സഭ കൂടണമെന്ന് ഗവൺമെൻറ് തീരുമാനിച്ചിട്ടുള്ളത്. അതിൻെറ അടിസ്ഥാനത്തിൽ ഇനി മറ്റ് സഭാനടപടികളൊന്നും അവശേഷിച്ചിട്ടില്ലാത്തതുകൊണ്ട് സഭ നിർത്തിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : നിയമസഭാസമ്മേളനം വളരെ സമാധാനമായും സുഗമമായും മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞതിൽ പ്രേയറിന് അതിയായി സന്തോഷമുണ്ട്. അതിൽ അങ്ങേയറ്റം സഹകരിച്ച സഭാനേതാവിനോടും, പ്രതിപക്ഷ നേതാവിനോടും, കക്ഷിനേതാക്കൻമാരോടും ബഹുമാന്യരായ അംഗങ്ങളോടും പ്രേയറിനുള്ള നിസ്സീമമായ കടപ്പാടും നന്ദിയും രേഖപ്പെടുത്തുകയാണ്. ഇവിടെ നടക്കുന്ന കാര്യങ്ങൾ ജനങ്ങളെ അറിയിക്കുന്നതിൽ അങ്ങേയറ്റം സഭയുമായി സഹകരിച്ച പത്രപ്രവർത്തകരോടും മറ്റ് മാദ്ധ്യമങ്ങളോടും പ്രേയറിനുള്ള നന്ദി രേഖപ്പെടുത്തുന്നു. സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞിരിക്കുന്നു.

സഭ 1.42-ന് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly